

പൊതുവിദ്യാഭ്യാസ

## സംരക്ഷണ യജ്ഞം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025

## ഗവ. ഹൈസ്കൂൾ പതിനാറാംകണ്ടം

ഉപജില്ല : കട്ടപ്പന

ജില്ല : ഇടുക്കി

Scanned with OKEN Scanner

# ഗവ: ഹയർസെക്കണ്ടറി സ്കൂൾ
## പതിനാറാംകണ്ടം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ. ഹയർസെക്കണ്ടറി സ്കൂൾ പതിനാറാംകണ്ടം |
| പഞ്ചായത്തിന്റെ പേര് | : | വാത്തിക്കുടി |
| സി. ആർ. സിയുടെ പേര് | : | പതിനാറാംകണ്ടം |
| ബ്ലോക്കിന്റെ പേര് | : | ഇടുക്കി |
| ബി.ആർ. സി | : | കട്ടപ്പന |
| സബ്ജില്ല | : | കട്ടപ്പന |
| വിദ്യാഭ്യാസ ജില്ല | : | കട്ടപ്പന |
| ജില്ല | : | ഇടുക്കി |

Scanned with OKEN Scanner

# PROFILE

| | | |
|---|---|---|
| Name of School | : | GHSS PATHINARAMKANDAM |
| Date of Establishment | : | 1968 |
| Name of Village | : | UPPUTHODE |
| Name of Cluster | : | pathinaramkandam |
| Name of Panchayat | : | Vathikkudy |
| Name of Block | : | Idukki |
| Name of BRC | : | Kattappana |
| Name of District | : | Idukki |
| Name of Sub District | : | Kattappana |
| Name of HM | : | SHEENA C THOMAS |
| MOB.No. | : | 9497475054 |
| Senior Assistant | : | Beshir U P |
| School Code | : | 30061 |
| Name of Thaluk | : | Idukki |

Scanned with OKEN Scanner

# DETAILS OF TEACHERS 2025-26

| SL.NO | NAME OF TEACHERS | SUBJECT COUNCIL | DUTY |
|---|---|---|---|
| 1 | BESHIR U P | ARABIC | UNIFORM,JRC |
| 2 | SUNITHA MOHANAN | MALAYALAM | VIDYARANGAM |
| 3 | JAIN PAULOSE | PHY.SCIENCE | SCIENCE LAB |
| 4 | GEENA MOL GEORGE | MATHEMATICS | SCHOLARSHIP |
| 5 | BRIJIT M D | SOCIAL SCIENCE | SCHOOL TOUR |
| 6 | SREEJITH K | HINDI | JALASREE CLUB |
| 7 | DONY K ANTONY | UPST | LIBRARY,<br>SCHOOL BUS |
| 8 | ANJU P RAVINDRAN | UPST | NOON MEAL |
| 9 | JINU JOSE | UPST | ECO CLUB |
| 10 | PRINCY MATHEW | LPST | TEXT BOOK |
| 11 | SHEMIMOL K A | LPST | SPORTS |
| 12 | SONIYA THOMAS | LPST | WORK EXPERIENCE |
| 13 | REMYAMOL K R | LPST | KALOLSAVAM |



Scanned with OKEN Scanner

കരട്

# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം - 2

# മാർഗരേഖ

## 1

## അക്കാദമിക മാസ്റ്റർപ്ലാൻ – കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

### ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. (അനുബന്ധം .... നോക്കുക) എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.



Scanned with OKEN Scanner

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യെ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.



Scanned with OKEN Scanner

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

2022 ൽ ആരംഭിക്കുന്ന 14- ാം പഞ്ചവത്സരപദ്ധതികാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾതലത്തിൽ ചർച്ചചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.കെ., എം.പി., എം.എൽ.എ., പി.ടി.എ., മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.



Scanned with OKEN Scanner

**ദർശനം**

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

**ലക്ഷ്യങ്ങൾ**

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം.......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.



Scanned with OKEN Scanner

**(2)**

# പദ്ധതി രൂപീകരണപ്രക്രിയയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി പൊരുത്തപ്പെടുന്നതായിരിക്കണം പ്രവർത്തനങ്ങൾ
2. നവകേരളം കർമ്മപദ്ധതി (വിദ്യാകിരണം), പതിനാലാം പഞ്ചവത്സരപദ്ധതി കാഴ്ചപ്പാട്, സർക്കാരിന്റെ വാർഷിക പദ്ധതി എന്നിവയിലെ നിർദേശങ്ങൾ കൂടി പരിഗണിക്കണം.
3. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ - SSK, KITE, SCERT, SIEMAT, SIET ... വിവിധ ക്ലബുകൾ, സ്കൗട്ട്, എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്., ജെ.ആർ.സി തുടങ്ങിയവ സംസ്ഥാനതലത്തിൽ തയാറാക്കുന്ന വിദ്യാഭ്യാസ പദ്ധതികളും കൂടി പരിഗണിക്കണം.
4. സ്കൂൾ കണ്ടെത്തുന്ന പ്രശ്നമേഖലകൾ മുൻഗണനാ ക്രമത്തിൽ രൂപപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം.
5. തയാറാക്കുന്ന മാസ്റ്റർപ്ലാനുകൾക്ക്, പ്രായോഗികത, യുക്തിഭദ്രത, വൈവിധ്യം, പുതുമ എന്നിവ ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കണം.
6. ദേശീയ, സംസ്ഥാന, പ്രാദേശികതലങ്ങളിൽ വിവിധ ഏജൻസികൾ സ്കൂളുകൾക്കായി നീക്കിവയ്ക്കുന്ന ഫണ്ടുകൾ, വിവിധ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ പരിഗണിക്കണം.
7. ഉയർന്ന നിലവാരം, എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകണം. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ഭിന്നശേഷിക്കാരുടെയും പഠനമുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം.
8. സ്കൂളിന്റെ എല്ലാ ദൈനംദിന പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാകേണ്ടതില്ല. എന്നാൽ സവിശേഷവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തണം.
9. പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടാകണം.
10. പദ്ധതി രൂപീകരണപ്രക്രിയയിൽ അധ്യാപകരോടൊപ്പം വിദ്യാർഥിപ്രതിനിധികൾ, പൂർവവിദ്യാർഥികൾ, PTA, MPTA, SMC, ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ധർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരെ പങ്കാളികളാക്കണം.



Scanned with OKEN Scanner

# 3

# സ്കൂൾതല മാസ്റ്റർപ്ലാൻ രൂപീകരണം

വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് നിലവിലുള്ള സമിതിയുടെ അവസ്ഥാവിശകലനം കൃത്യമായി നടത്തേണ്ടതുണ്ട്. നിലവിലെ മികവുകളും പരിമിതികളും പൂർണ അർഥത്തിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ യഥാർഥപ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ കണ്ടെത്താനും അവ പരിഹരിച്ച് മുന്നേറാനും കഴിയൂ. അവസ്ഥാപഠനത്തിനായി പ്രധാനമായും താഴെപ്പറയുന്ന മേഖലകൾ പരിഗണിക്കാവുന്നതാണ്. സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് കൂട്ടിച്ചേർക്കലുകൾ ആകാം.

### അവസ്ഥാപഠനം

ഓരോ വിദ്യാലയത്തിന്റെയും മാസ്റ്റർപ്ലാൻ തയാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനം നടക്കേണ്ടത്. പ്രസ്തുത സമിതിയിൽ അധ്യാപകർ, PTA, MPTA, റിസോഴ്സ് ടീച്ചർ/ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർഥി പ്രതിനിധികൾ, SRG, SSG, LSG അംഗങ്ങൾ, പൂർവ വിദ്യാർഥികൾ, അക്കാദമിക വിദഗ്ധർ/കായിക മേഖലയുമായി ബന്ധപ്പെട്ടുള്ളവർ ഉൾപ്പെട്ടിരിക്കണം. ഓരോ വിഭാഗത്തിനും (LP, UP, HS, HSS) പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാകുന്നത് ഏറെ നന്നായിരിക്കും.

ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനത്തിനു ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ടൂളുകൾ തയാറാക്കേണ്ടത്. ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനനിലവാരം കായികക്ഷമത രേഖപ്പെടുത്തുന്നതിന് കായികക്ഷമത രേഖ, ടീച്ചിംഗ് മാന്വൽ, നിരീക്ഷണം, ഷെഡ്യൂൾ, ചോദ്യാവലികൾ, കുട്ടികളുടെ പ്രകടനം എന്നിവ പരിഗണിക്കാവുന്നതാണ്.

കുട്ടികളുടെ മികവാർന്ന പഠനത്തിനു അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹികപിന്തുണയും വിദ്യാലയത്തിനു ആവശ്യമായ തോതിൽ ലഭിക്കുന്നുണ്ടോ എന്ന് കൃത്യമായി ആ സമിതി പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. അതിന് ക്ലാസ് PTA, SMC, PTA കമ്മിറ്റി, വിദ്യാർഥികൾ, ജനപ്രതിനിധികൾ, പൂർവ വിദ്യാർഥികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ നടത്തേണ്ടതാണ്. ഈ രീതിയിൽ മേൽപ്പറഞ്ഞ എല്ലാ മേഖലകളിലും കൃത്യമായ അവസ്ഥാവിശകലനം നടത്തി വിവരങ്ങൾ അളവുപരമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്.



Scanned with OKEN Scanner

# അവസ്ഥാപഠനം - പരിഗണിക്കേണ്ട മേഖലകൾ

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ

- ഭൗതികസാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

ഇവ ഓരോന്നും വിശദമായി പരിശോധിക്കാം.

### പാഠ്യപദ്ധതി വിനിമയം

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട അവസ്ഥാപഠനത്തിൽ 5 മുതൽ 10 വരെയുള്ള ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകൾ പഠനത്തിനു വിധേയമാക്കണം, ഉദാഹരണമായി

**ഉദാഹരണം**

**മേഖല – ആരോഗ്യ കായിക വിദ്യാഭ്യാസം**

| | | |
|---|---|---|
| കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടി നേടേണ്ട കായിക സാക്ഷരത നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുക. | കുട്ടികളുടെ നിലവിലെ ആരോഗ്യകായിക ക്ഷമത തിരിച്ചറിയുക | കുട്ടികളുടെ സാമൂഹികവും, മാനസികവും, വൈകാരികവുമായ അവസ്ഥ തിരിച്ചറിയുക. |
| 1. ചോദ്യാവലി<br>2. നിരന്തര നിരീക്ഷണം<br>3. വിലയിരുത്തൽ | കായികശേഷി അളക്കുന്നതിനുള്ള വിവിധ ടെസ്റ്റ് നടത്തുക (Shuttle Run, Hard ward Step Test etc.) | 1. ചോദ്യാവലി<br>2. നിരന്തര നിരീക്ഷണം<br>3. Intraction |

ഈ രീതിയിൽ എല്ലാ വിഷയങ്ങളിലെയും എല്ലാ മേഖലകളിലെയും അവസ്ഥാപഠനം നടത്തി അളവുപരമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ശേഷീമേഖലയിലും വ്യത്യസ്ത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ ഈ അവസ്ഥാവിശകലനത്തിലൂടെ കഴിയണം.



Scanned with OKEN Scanner

ഇതിനു സഹായകരമായി സഹിതം, സമഗ്ര പോർട്ടലുകളിലെ സൂചകങ്ങളും ഉപയോഗിക്കാവുന്നതാണ്.

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ്‌വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- പ്രക്രിയാബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

ഇവ കണ്ടെത്തുന്നതിന് ഉചിതമായ ചോദ്യാവലിയോ ചെക്ക്‌ലിസ്റ്റോ ഉപയോഗിക്കാവുന്നതാണ്.

കായിക പ്രവർത്തനങ്ങൾ, കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി വിദ്യാലയത്തിൽ എത്രത്തോളം സംഘടിപ്പിക്കാൻ കഴിയുന്നുണ്ട് എന്നതും വിലയിരുത്തപ്പെടണം.

**പഠനാന്തരീക്ഷം**

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഉപഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- ക്ലാസ്മുറികളുടെ സജ്ജീകരണം
- ക്ലാസ്മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യാപക-വിദ്യാർഥി ബന്ധം
- ആധുനികസാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസ്സിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ
- കളിസ്ഥലവും കളിയുപകരണങ്ങളും

തുടങ്ങിയ ഘടകങ്ങൾ ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ച, അഭിമുഖം എന്നിവയിലൂടെയും നേരിട്ടും വിലയിരുത്തി രേഖപ്പെടുത്താവുന്നതാണ്.



Scanned with OKEN Scanner

### അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശികവിഭവങ്ങൾ (മനുഷ്യവിഭവനം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)
- സാമൂഹികപിന്തുണ
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
- അധ്യാപക-രക്ഷാകർത്തൃബന്ധം

### ഭൗതികസാഹചര്യം

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പരിശോധിക്കണം.

- പരിസ്ഥിതി സൗഹൃദ-വിദ്യാർഥി സൗഹൃദ സ്കൂൾ-ക്ലാസ് അന്തരീക്ഷം
- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ്ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ
- ശുദ്ധജലലഭ്യത
- വിദ്യാർഥിസൗഹൃദ, ഭിന്നശേഷി സൗഹൃദഫർണിച്ചർ
- ഭക്ഷണം തയാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗതസൗകര്യം

ഈ ഘടകങ്ങളുടെ അവസ്ഥാവിശകലനം കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരുമായുള്ള കൂടിയിരുപ്പുകളിലൂടെ വിലയിരുത്തി രേഖപ്പെടുത്തേണ്ടതാണ്.



Scanned with OKEN Scanner

**സാമൂഹ്യഇടപെടലുകൾ**

സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- പി.റ്റി.എ
- എസ്.എം.സി
- മദർ പി.റ്റി.എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ വിദ്യാർഥികൾ
- വിദ്യാലയവികസനസമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധസംഘടനകൾ
- പ്രാദേശികവിദഗ്ധർ
- കായിക മേഖലകയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ ക്ലബ്ബുകൾ, പൂർവ്വ വിദ്യാർഥികളായിട്ടുള്ള കായികതാരങ്ങൾ എന്നിവരെകൂടി ഈ സമിതിയിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

ഈ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണാരേഖകൾ പരിശോധിച്ചും നേരിട്ടുള്ള ചർച്ചകളിലൂടെയും വിലയിരുത്തണം.

വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും വിലയിരുത്തലിന് വിധേയമാക്കാം.

ഉദാ:

- മലയോര/തീരദേശ മേഖലകളിലെ കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ
- പോഷകാഹാരം
- ലഹരി ഉപയോഗം
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ

- കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
- കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ

Scanned with OKEN Scanner

### വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

വിദ്യാലയത്തിലെ വിവിധ മേഖലകളിലെ അവസ്ഥാപഠനം കഴിഞ്ഞ് കിട്ടിയ വിവരങ്ങൾ അതാതുമേഖലയിൽ ഉചിതമായ രീതിയിൽ ക്രോഡീകരിക്കേണ്ടതുണ്ട്. അതിൽ നിന്നും വിദ്യാലയം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തണം. പ്രശ്നങ്ങളുടെ തീവ്രത ലഘുതരം, ഗുരുതരം, തീവ്രം എന്നിങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്. കണ്ടെത്തിയ പ്രശ്നങ്ങൾ സമിതി വിശദമായി ചർച്ച ചെയ്യുകയും അവയുടെ കാരണങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുകയും വേണം. രേഖപ്പെടുത്തൽ താഴെപ്പറയുന്ന രീതിയിൽ ആകാം.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | | | | | |

### പ്രശ്നവിശകലനവും ആസൂത്രണവും

ഓരോ മേഖലയിലും കണ്ടെത്തിയ പ്രശ്നങ്ങളെ അവയുടെ തീവ്രതയ്ക്കനുസരിച്ച് തരംതിരിക്കേണ്ടതുണ്ട്. ഓരോ പ്രശ്നത്തിലൂടെയും കണ്ടെത്തിയ കാരണങ്ങളെ കൂടുതൽ സൂക്ഷ്മതലത്തിലുള്ള വിശകലനത്തിനു വിധേയമാക്കുകയും കൂടുതൽ കാരണങ്ങളോ വെല്ലുവിളികളോ ഉണ്ടോയെന്ന് കണ്ടെത്തുകയും വേണം.

തുടർന്ന് ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതുവിഭാഗത്തിലെ ബന്ധപ്പെട്ടവർ വിശദമായി ചർച്ചചെയ്ത് അതിനുള്ള പരിഹാരം കണ്ടെത്തേണ്ടതാണ്.

കായികക്ഷമത ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതു ക്ലാസ്തല ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ഉചിതമായ പരിഹാരനിർദേശങ്ങൾ കണ്ടെത്തണം.

ബന്ധപ്പെട്ട ഗ്രൂപ്പുകൾ ചർച്ചചെയ്ത് പരിഹാരങ്ങൾ കണ്ടെത്തേണ്ടതാണ്. ഈ പരിഹാര നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് സമിതി അക്കാദമിക് മാസ്റ്റർപ്ലാനിന്റെ ആസൂത്രണവും തയാറാക്കലും നടത്തേണ്ടതാണ്.

### അക്കാദമിക മാസ്റ്റർപ്ലാൻ – രൂപീകരണം

കണ്ടെത്തിയ പ്രശ്നങ്ങളുടെയും കാരണങ്ങളുടെയും സൂക്ഷ്മവിശകലനത്തിന്റെ അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ പരിഹാരനിർദേശങ്ങൾ ഉചിതമായ പ്രവർത്തനങ്ങളായി വേണം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ടത്.

വരുന്ന അഞ്ച് വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടായിരിക്കണം പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. എന്നാൽ 2022-23 വർഷത്തെ പ്രവർത്തനങ്ങൾ സൂക്ഷ്മതലാസൂത്രണം നടത്തി രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ 2022 ജൂൺ 1 മുതൽ നടപ്പിലാക്കി തുടങ്ങേണ്ടതാണ്. തുടർന്ന് ഓരോ വർഷാരംഭത്തിലും അതതു വർഷത്തെ പദ്ധതികൾ വിശദമായി തയാറാക്കേണ്ടതാണ്. ഓരോ പ്രശ്നവും പരിഹരിക്കുന്നതിന് ഒന്നോ അതിലധികമോ പ്രവർത്തനങ്ങൾ വേണ്ടിവന്നേക്കാം. ഇവ കൃത്യമായി മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തണം. നിലവിൽ വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തണം. അക്കാദമിക് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുമ്പോൾ ബന്ധപ്പെട്ട ക്ലാസിന്റെ സൂചനകൂടി ചേർക്കണം.

വിദ്യാലയത്തിൽ രൂപപ്പെടുന്ന മാസ്റ്റർപ്ലാനിന് തുടർച്ചയായി ക്ലാസ്തല മാസ്റ്റർപ്ലാൻ കൂടി രൂപപ്പെടുത്തേണ്ടതാണ്. ക്ലാസ്തല മാസ്റ്റർപ്ലാനിൽ ഓരോ ക്ലാസ്സിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനു തുടർച്ചയായി ഓരോ കുട്ടിയുടെയും കായികപുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള വ്യക്തിഗത മാസ്റ്റർപ്ലാനിന്റെ രൂപീകരണത്തിലേക്കും അധ്യാപകർക്ക് കടക്കാവുന്നതാണ്.

മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന് താഴെ തന്നിരിക്കുന്ന പട്ടിക പ്രയോജനപ്പെടുത്താവുന്നതാണ്.

Scanned with OKEN Scanner

ജി.എച്ച് എസ് എസ് പതിനാറാംകണ്ടം

ARABIC

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# അറബിക്

اللغة العربية



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ, കാർഡുകൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ** ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുക യും ഭാഷ ശേഷി വർദ്ധിപ്പിക്കുക യും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥളും കുട്ടികളിലേക്ക് എത്തുക | **യൂണിറ്റ് തല നിഘണ്ടു നിർമാണം**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **സ്കൂൾ റേഡിയോ**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***അറബി ടൈപിംഗ്***<br>അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർ നെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം .<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

Scanned with OKEN Scanner

# ജി എച്ച് എസ് എസ് പതിനാറാംകണ്ടം

## അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025-26 അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്** | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് , മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>അറബിക് ലാംഗ്വേജ് ലാബ്</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>…ബിക് ഫെസ്റ്റ്</u> | | | | |

Scanned with OKEN Scanner

# GHSS PATHINARAMKANDAM

## ACADEMIC MASTER PLAN 2025-26

## മേഖല: -അക്കാദമികം –ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിൽ നിന്നും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷയോടുള്ള കുട്ടികളുടെ അഭിരുചി വളർത്താൻ വേണ്ടി സുഗമഹിന്ദി പരീക്ഷ പോലുള്ള പരീക്ഷകൾ എഴുതിപ്പിക്കുക.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.
- ദിനാചരണങ്ങളിലൂടെ കുട്ടികളിൽ ഭാഷാ ശേഷികൾ വളർത്തുക.

- സുരീലി ഹിന്ദിയുമായിബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ സജീവമായി നടത്തുക.
- SSLC പരീക്ഷയിൽ എല്ലാ കുട്ടികൾക്കും ഉന്നത വിജയം ലഭിക്കും വിധം കുട്ടികളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക.

## മേഖല:യു.പി-ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| <u>5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിൽ.</u><br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.<br>പഠിപ്പിച്ചെടുക്കുക.<br>അക്ഷരങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും.<br>ചിത്രങ്ങൾ,അക്ഷരമാല ചാർട്ട് കാണിക്കും.അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| <u>ഹിന്ദി വായന ,ഹിന്ദി എഴുത്ത്</u><br><br>തെറ്റ് കൂടാതെ ഹിന്ദി എഴുതുവാനും വായിക്കുവാനുമുള്ള പരിശീലനം കൊടുക്കും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേയ്ക്ക് ആകർഷിപ്പിക്കും.പുസ്തകത്തിലെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് എഴുതാനുള്ള അവസരം കൊടുക്കും | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| <u>ഹിന്ദി സംസാരം</u><br><br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും . നിത്യജീവിതത്തിൽ ആവശ്യമുള്ള കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാകും വിധം പരിശീലനം കൊടുക്കും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും.കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ പോലും ഹിന്ദിയിൽ തന്നെ ചോദിക്കും.കുട്ടികൾക്ക് ഹിന്ദിയിൽ മറുപടി പറയാനും ഹിന്ദി സംസാരിക്കുവാനുമുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കും. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **<u>എണ്ണങ്ങൾ, ദിവസങ്ങൾ, പേരുകൾ</u>**<br><br>എണ്ണങ്ങൾ,മാസങ്ങൾ ,ദിവസങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു. നിറങ്ങൾ ,പക്ഷികൾ, മൃഗങ്ങൾ, പൂക്കൾ, വിവിധ ഇനംഉപകരണങ്ങൾ എന്നിവയുടെ പേരുകൾ പഠിപ്പിക്കുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥികളുടെയും പേര്,വീട്ടുപേര്, ജനനതിയതി, സ്ഥലം എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്-സെപ്റ്റംബർ | | ഹിന്ദി ക്ലബ്ബ് |
| **<u>ദിനാചരണം</u>**<br><br>ഓരോ മാസത്തിലും ദിനാചരണം നടത്തി കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നു. | പോസ്റ്റർ നിർമ്മാണം,പ്രസംഗം,പദ്യം ചൊല്ലൽ,കഥാരചന,കവിതാ രചന,വായനാ മത്സരം,കയ്യെഴുത്ത് മത്സരം, ഉപന്യാസ രചന എന്നിവ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| **<u>ഹിന്ദി പഠനം</u>**<br><br>സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു.ICT | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| സാധ്യതയിലൂടെയുള്ള ഹിന്ദി പഠനം ഉറപ്പാക്കുന്നു. | പ്രോജക്ട്,അസൈൻമെൻ്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും മാസത്തിലും നിരന്തര മൂല്യ നിർണ്ണയത്തിൻ്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | | ഹിന്ദി അധ്യാപകർ | |

<u>എട്ടാം തരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.<br><br>കുട്ടികൾക്ക് അക്ഷരങ്ങൾ ഉറക്കെ വായിക്കാൻ അവസരങ്ങൾ നൽകുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ - ജൂലൈ<br><br>ഓഗസ്റ്റ്- സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| എണ്ണങ്ങൾ,മാസങ്ങൾ ,ദിവസങ്ങൾ എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു. നിറങ്ങൾ ,പക്ഷികൾ, മൃഗങ്ങൾ, പൂക്കൾ, വിവിധ ഇനംഉപകരണങ്ങൾ എന്നിവയുടെ പേരുകൾ പഠിപ്പിക്കുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥികളുടെയും പേര്,വീട്ടുപേര്, ജനനതിയതി, സ്ഥലം എന്നിവ ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്-സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു.വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ,പ്രശ്നോത്തരി എന്നിവ നൽകുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| കാർട്ടൂൺ,ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ പരിശീലിപ്പിക്കുന്നു. | കാർട്ടൂൺ, ചിത്രക്കഥ ,കവിതകൾ വായനക്കായി നൽകുന്നു. | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഓരോ മാസത്തിലും ദിനാചരണം നടത്തി കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നു. | പോസ്റ്റർ നിർമ്മാണം,പ്രസംഗം,പദ്യം ചൊല്ലൽ,കഥാരചന,കവിതാ രചന,വായനാ മത്സരം,കയ്യെഴുത്ത് മത്സരം, ഉപന്യാസ രചന എന്നിവ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു.ICT സാധ്യതയിലൂടെയുള്ള ഹിന്ദി പഠനം ഉറപ്പാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടത്തുന്നു. പ്രോജക്ട്,അസൈൻമെൻറ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും മാസത്തിലും നിരന്തര മൂല്യ നിർണ്ണയത്തിൻറെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വ്യാകരണം കുട്ടികളെ പഠിപ്പിക്കുന്നു. | വിധിക്രിയ,സർവനാമം,വിശേഷണം,കാലം എന്നിവ പഠിപ്പിച്ച് വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

Scanned with OKEN Scanner

**ഒമ്പതാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും വാക്കുകൾ ഉണ്ടാക്കാനും ചെറിയ ചെറിയ വാക്യങ്ങൾ എഴുതുവാനും പരിശിലിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉച്ചത്തിൽ വായിക്കാനും എഴുതാനും അവസരം നൽകുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| എണ്ണങ്ങൾ,ആഴ്ചയുടെ പേരുകൾ/ദിവസങ്ങളുടെ പേരുകൾ,നിറങ്ങൾ,പൂക്കൾ, പക്ഷികൾ,മൃഗങ്ങൾ,തൊഴിലുകൾ | ഓരോ കുട്ടിയുടെയും പേര്,സ്ഥലം,ജനന തിയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ്-സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| എന്നിവയുടെ പേരുകൾ പരിചയപ്പെടുത്തുന്നു. | പേരുകളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. | | | |
| ഹിന്ദി എഴുതുവാനും, വായിക്കാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. | ജൂൺ-ഫെബ്രുവരി | | |
| നാമം,സർവ്വനാമം,വിശേഷണം,കാലം എന്നി വ്യാകരണഭാഗങ്ങൾ പഠിപ്പിക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | നാമങ്ങളും,സർവ്വനാമങ്ങളും, വിശേഷണങ്ങളും അടങ്ങിയ ചാർട്ടുകൾ പ്രദർശിപ്പിച്ച് അവ കണ്ടുപിടിക്കാൻ പറയുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| ഓരോ മാസത്തിലും ദിനാചരണങ്ങൾ നാടത്തി കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നു. | കവിത രചന,കഥ രചന,പ്രസംഗം,വായന മത്സരം,പദ്യം ചൊല്ലൽ,പോസ്റ്റർ നിർമാണം,ഉപന്യസരചന,കയ്യെഴുത്ത്, ക്വിസ്,നടകം എന്നിവ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പോസ്റ്റർ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. | പോസ്റ്റിൻ്റെ മോഡൽ നൽകുന്നു.വിവിധ വിഷയങ്ങൾ നൽകി പോസ്റ്റർ ഉണ്ടാക്കാൻ പറയുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു. | ചെറിയ ചെറിയ കവിതകളുടെ ആസ്വാദനകുറിപ്പുകൾ പരിചയപ്പെടുത്തി വിവിധയിനം കവിതകളുടെ ആസ്വദനക്കുറിപ്പുകൾ എഴുതിക്കുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| ICT ഉപയോഗിച്ചുള്ള ഫലപ്രദമായ ഹിന്ദി ക്ലാസുകൾ നൽകുന്നു. സമയബന്ധിതമായി പാഠഭാഗങ്ങൾ പൂർത്തിയാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടത്തുന്നു. പ്രോജക്ട്,അസൈൻമെൻ്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. ഓരോ ആഴ്ചയിലും മാസത്തിലും നിരന്തര മൂല്യ നിർണ്ണയത്തിൻ്റെ ഭാഗമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | | |

Scanned with OKEN Scanner

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| കുട്ടികളുടെ ആശയവിനിമയ നൈപുണ്യവും ഭാഷ മെച്ചപ്പെടുത്തുക എന്നി ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| സാഹിത്യാഭിരുചി വളർത്തുക.ഹിന്ദി വാരാഘോഷസമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>ഹിന്ദി ദിനചരണത്തോടൊപ്പം മറ്റ് ദിനാചരണങ്ങളും ഫലപ്രദമായി നടത്തുന്നു. | കവിതാരചന,കഥാരചന,പദ്യം ചൊല്ലൽ,വായനമത്സരം, പ്രസംഗം,പോസ്റ്റർ നിർമ്മാണം, കയ്യെഴുത്ത് മത്സരം,പ്രശ്നോത്തരി,നാടകം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| നാമം,സർവ്വനാമം,വിശേഷണം,കാലം എന്നി വ്യാകരണ ഭാഗങ്ങളോടൊപ്പം | വിവിധയിനം ഡയറി, കത്ത്, തിരക്കഥ, പോസ്റ്റർ, | ജൂൺ-ഫെബ്രുവരി | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| കത്ത്, ഡയറി, തിരക്കഥ,ഉപന്യാസ ലേഖനം,പോസ്റ്റർ നിർമാണം, ആസ്വാദനക്കുറിപ്പ്, വാക്യപിരമിഡ് എന്നിവ പരിശീലിപ്പിക്കുന്നു. | ആസ്വാദനക്കുറിപ്പ് എന്നിവ എഴുതിക്കുന്നു. വ്യാകരണവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. | | ഹിന്ദി അധ്യാപകർ | |
| സമയാധിഷ്ഠിതമായി പാഠഭാഗങ്ങൾ ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു. പ്രോജക്ട്,അസൈൻമെൻ്റ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. നിറന്തരമൂല്യനിർണയത്തിൻ്റെ ഭാഗമായി പരിക്ഷകൾ നടത്തുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
